12

# പുതിയ ഉടമ്പടി - ഒരു പുതിയ ആരാധന

*"സത്യ നമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമ സ്ക്കരിക്കുന്ന നാഴിക വരുന്നു ഇപ്പോൾ വന്നുമിരിക്കുന്നു; തന്നേ നമസ്ക്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്നു പിതാവു ഇച്ഛിക്കുന്നു. ദൈവം ആത്മാവു ആകുന്നു, അവനെ നമ സ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം" (യോഹന്നാൻ 4:23, 24).*

പഴയ നിമയത്തിൻ കീഴിൽ ദൈവത്തെ നമസ്ക്കരിച്ചിരുന്നതു മൃഗ ങ്ങളെ ബലി അർപ്പിക്കുന്ന ചുറ്റുപാടിലായിരുന്നു, എന്നാൽ പുതിയ നിയമത്തിൻ കീഴിൽ അതു ആത്മീയ യാഗത്തെ ചുറ്റിപ്പറ്റിയാണ്. ക്രിസ്തുവിന്റെ പുതിയ നിയമത്തിൻ കീഴിൽ നാം, നമ്മെ ക്രൂശിക്കയും (റോമർ 6:4-6; ഗലാത്യർ 2:20) ജീവനുള്ള യാഗമായി തീരുകയും വേണം (റോമർ 12:1). നമ്മുടെ നമസ്ക്കാരം അക്ഷരത്തിന്റെ പഴക്കത്തിലല്ല, ആത്മാവിന്റെ പുതുക്കത്തിലാകണം (2 കൊരിന്ത്യർ 3:6; ഫിലിപ്പിയർ 3:3), ആത്മിയ യാഗം അർപ്പിക്കുന്നതിന്റെ ഫലത്തെക്കുറിച്ചു പത്രൊസ് പറഞ്ഞു,

> മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യ വുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലുകൾ എന്ന പോലെ ആത്മിക ഗൃഹമായി യേശു ക്രിസ്തു മുഖാന്തരം ദൈവത്തിന്നു പ്രസാദമുള്ള ആത്മികയാഗം കഴി പ്പാന്തക്ക വിശുദ്ധ പുരോഹിത വർഗ്ഗമാകേണ്ടതിന്നു പണിയപ്പെടുന്നു (1 പത്രൊസ് 2:4, 5).

മനുഷ്യാത്മാവിൽനിന്നു ചുണ്ടുകളിലൂടെ അർപ്പിക്കേണ്ട യാഗമാണ് സ്തുതി. "അതുകൊണ്ട് അവൻ മുഖാന്തരം നാം ദൈവത്തിന്നു അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക" (എബ്രായർ 13:15).

## ഒരു വ്യത്യാസമുള്ള യാഗം

പാപത്തിനും കുറ്റത്തിനും ഉള്ള പ്രായശ്ചിത്തമായിരുന്നു മൃഗയാഗങ്ങൾ (ലേവ്യാപുസ്തകം 4:1–35; 5:1–19) അതു മാത്രമായിരുന്നില്ല പഴയ നിയമത്തിൽ ഉൾപ്പെടുത്തിയിരുന്നത്. കൂടാതെ ആരാധനാ ശുശ്രൂഷകളായ, സമാധാന യാഗം, നേർച്ച, സ്വമേധാ - ദാനം, സ്തോത്ര യാഗങ്ങൾ എന്നിവയും അർപ്പിച്ചിരുന്നു (ലേവ്യാപുസ്തകം 3:1–9; 7:11–34). ഇതിൽ "പുളിപ്പില്ലാത്ത ദോശകളും എണ്ണ പുരട്ടിയ പുളിപ്പില്ലാത്ത വടകളും എണ്ണ ചേർത്തു കുതിർത്ത നേരിയ മാവുകൊണ്ടുണ്ടാക്കിയ ദോശകളും ഉൾപ്പെടുന്നു" (ലേവ്യാപുസ്തകം 7:12). ഈ യാഗങ്ങൾ മാത്രമല്ല ദൈവം ആഗ്രഹിച്ചത്, അനുതാപമുള്ള ഹൃദയങ്ങളും നിർമ്മലമായ ജീവിതവും അവൻ ആഗ്രഹിച്ചു (സങ്കീർത്തനങ്ങൾ 51:17; യെശയ്യാവു 1:11–17).

യഹോവയുടെ പെട്ടകം ചുമന്നവർ ആറു ചുവടു നടന്നശേഷം ദാവീദ് ഒരു കാളയേയും തടിപ്പിച്ച കിടാവിനെയും യാഗം കഴിച്ചു (2 ശമുവേൽ 6:13). നിയമപെട്ടകം സമാഗമന കൂടാരത്തിൽ എത്തുമ്പോൾ അവൻ ദഹനയാഗവും സമാധാനയാഗവും അർപ്പിക്കുകയായിരുന്നു (2 ശമുവേൽ 6:17).

പഴയനിയമ കാലയളവിൽ ആളുകൾ ദൈവത്തെ നമസ്ക്കരിക്കുവാൻ ഉപയോഗിച്ചിരുന്നു എന്ന കാരണം പറഞ്ഞാണ് ഇന്നു ചിലർ ഡാൻസും വാദ്യോപകരണങ്ങളും ആരാധനയ്ക്കിടയിൽ ഉപയോഗിക്കുന്നത് (സങ്കീർത്തനങ്ങൾ 150:4–6). അവരുടെ വിവേചനം പോകുന്നത് ഇങ്ങനെയാണ്: "അന്നു അതുപയോഗിച്ചു ദൈവത്തെ ആരാധിച്ചതു ദൈവം സ്വീകരിച്ചു എങ്കിൽ, ഇന്നും സ്വീകരിക്കുകയില്ലേ?" എന്നതാണ്. അതേ ചോദ്യങ്ങൾ നമുക്കു ദഹനയാഗത്തെക്കുറിച്ചും ചോദിക്കാം. ദൈവം അന്നു അവ ആരാധനയുടെ ഭാഗമായി ചെയ്യുവാൻ പറഞ്ഞിരുന്നു, അതുകൊണ്ടു ഇന്നും ദൈവത്തിനു അവ സ്വീകരിച്ചുകൂടെ?

യേശു തന്റെ യാഗം അർപ്പിച്ചു കഴിഞ്ഞതിനാൽ ഇനി യാഗങ്ങൾ വേണ്ട എന്നു ദൈവം പ്രത്യേകമായി പറഞ്ഞിരിക്കുന്നു എന്ന ഉത്തരമാണ് ചിലപ്പോൾ പറഞ്ഞു കേൾക്കാറുള്ളത്. യേശു പാപങ്ങൾക്കു വേണ്ടി യാഗം അർപ്പിച്ചതു കൊണ്ടു പാപയാഗങ്ങൾക്കു ഇനി സാധ്യതയില്ല എന്നു ബൈബിൾ പറയുന്നുണ്ട് (എബ്രായർ 7:27; 9:24–28; 10:4, 8, 12, 14), എന്നാൽ ആരാധനയുടെ ഭാഗമായിരുന്ന ദഹനയാഗം നീങ്ങപ്പെട്ടു എന്നു എവിടെയാണ് പറഞ്ഞിരിക്കുന്നത്? ന്യായപ്രമാണം നല്കുന്നതിനു മുൻപു അവ സ്വീകാര്യമായിരുന്നു (ഉല്പത്തി 4:4; 8:20; 22:13; 31:54; 46:1; പുറപ്പാട് 18:12), ന്യായ പ്രമാണം ആചരിച്ചിരുന്ന കാലയളവിലും ഉണ്ടായിരുന്നു. പുതിയ നിയമത്തിൽ പുതിയ നിയമാരാധനയിൽ അവ ഉപയോഗിക്കുവാൻ ഒരിടത്തും കല്പിച്ചിട്ടില്ലാത്തതുകൊണ്ടു അവ ഇന്നു ഉൾപ്പെടുത്താവുന്നതല്ല എന്നതാണ് വസ്തുത. അതേ തത്വമാണ് ദഹനയാഗം തുടങ്ങിയവയും ന്യായപ്രമാണകാലത്തിൽ ഉപയോഗിച്ചിരുന്നതു പുതിയ നിയമത്തിൻ കീഴിൽ ഉപയോഗിക്കാതിരിക്കുന്നതിന്റെ കാരണവും. ന്യായപ്രമാണം നീങ്ങപ്പെട്ടതിനെക്കുറിച്ചുള്ള തിരു

വെഴുത്തുകൾ നാം അടുത്ത പാഠത്തിൽ പഠിക്കും.

### ഒരു വ്യത്യാസമുള്ള പൗരോഹിത്യം

ഭൗമിക പുരോഹിതന്മാരാൽ ദൈവത്തെ നമസ്ക്കരിക്കുന്നതിനു പകരം, ഇന്നു ക്രിസ്ത്യാനികളാണ് ദൈവത്തിന്റെ പുരോഹിതന്മാർ (1 പത്രൊസ് 2:9; വെളിപ്പാട് 1:6; 5:10; 20:6). നമ്മുടെ ഏക മദ്ധ്യസ്ഥനായ, യേശു മുഖാന്തരം നമുക്ക് ഇന്നു ദൈവത്തെ നമസ്ക്കരിക്കാം (1 തിമൊഥെയൊസ് 2:5).

ന്യായപ്രമാണം മാറിപ്പോകുന്നതിനെക്കുറിച്ചു എബ്രായർ 7:12 ൽ പറയുന്നു. എന്നാൽ പഴയനിയമത്തിൻ കീഴിൽ ലേവ്യാ ഗോത്രത്തിൽപ്പെട്ടവരായിരുന്നു പുരോഹിതന്മാർ (ആവർത്തന പുസ്തകം 21:5), ക്രിസ്ത്യാനികൾ ഇന്നു ദൈവത്തിന്നു പുരോഹിതന്മാരായി ശുശ്രൂഷ ചെയ്യുന്നു. നാം രാജകീയ പുരോഹിത വർഗ്ഗമാണ് (1 പത്രൊസ് 2:5, 9), യേശു നമ്മുടെ മഹാ പുരോഹിതനുമാണ് (എബ്രായർ 2:17; 4:14, 15; 5:5, 10).

> ഇങ്ങനെയുള്ള മഹാപുരോഹിതനല്ലൊ നമുക്കു വേണ്ടിയതു, പവിത്രൻ, നിർദോഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായിതീർന്നവൻ; ആ മഹാപുരോഹിതൻമാരെ പോലെ ആദ്യം സ്വന്ത പാപങ്ങൾക്കായും പിന്നെ ജനത്തിന്റെ പാപങ്ങൾക്കായും ദിനമ്പ്രതി യാഗം കഴിപ്പാൻ ആവശ്യമില്ലാത്തവൻ തന്നേ, അതു അവൻ തന്നെത്താൻ അർപ്പിച്ചുകൊണ്ടു ഒരിക്കലായി ചെയ്തുവല്ലൊ (എബ്രായർ 7:26, 27).

### ഒരു വ്യത്യാസമുള്ള വഴി

**ഏതു സ്ഥലത്തും**

യെരുശലേമിലും അവിടെ നടന്ന ചടങ്ങുകളിലും ഇനി ആരാധന ഒതുങ്ങി നില്ക്കുകയില്ല എന്നു യേശു പഠിപ്പിച്ചു. നമസ്ക്കാരം ഇനി സത്യത്തിലും ആത്മാവിലും ആയിരിക്കും എന്നാണ് അവൻ പഠിപ്പിച്ചത് (യോഹന്നാൻ 4:23, 24). യേശു പഠിപ്പിച്ചതനുസരിച്ചു, നമസ്ക്കരിക്കുവാൻ ഒരു പുതിയ ദിവസം വരുന്നു. ദൈവത്തെ ആരാധിക്കുവാൻ പഴയ നിയമത്തിലേക്കു, യെരുശലേമിലേക്കു, ആരാധനാ നിഴലിലേക്കു നോക്കുന്നതിനു പകരം (എബ്രായർ 8:5), ദൈവത്തിനു സ്വീകാര്യമായ ആരാധന സത്യത്തിലായിരിക്കണമെന്നു യേശു മുഖാന്തരം വെളിപ്പെടുത്തി (യോഹന്നാൻ 1:17). യിസ്രായേലിന്നു കൊടുത്ത ആരാധനാ രീതികൾ ഇനി ദൈവം സ്വീകരിക്കയില്ല.

**ആത്മാവിൽ**

ന്യായപ്രമാണത്തിൻകീഴിൽ ഹൃദയത്തിന്നു ഊന്നൽ കൊടുത്തിരുന്നില്ലെങ്കിലും, ആരാധന ഹൃദയത്തിൽ നിന്നാകണമെന്നു ദൈവം

ആഗ്രഹിച്ചിരുന്നു, അതായതു മനുഷ്യന്റെ ആത്മാവിന്റെ ഉള്ളിൽ നിന്നായിരിക്കണം. പുതിയ നിയമാരാധകർ പിതാവിനെ, സത്യത്തിലും ആത്മാവിലും നമസ്കരിക്കണം, കാരണം പിതാവ് തന്നെ അങ്ങനെ ആരാധിക്കുവാൻ അവൻ ആവശ്യപ്പെടുന്നു (യോഹന്നാൻ 4:23, 24). യേശു ഉപയോഗിച്ച വാക്ക് "മസ്റ്റ്" സൂചിപ്പിക്കുന്നതു നമുക്കു തിരഞ്ഞെടുക്കുവാനുള്ള അവസരം അതിലില്ല എന്നാണ്. ഈ അളവിൽ ഉൾപ്പെടുന്നതാണ് എല്ലാ ആരാധനയും.

മനുഷ്യാത്മാവിൽ ആരംഭിച്ചു പ്രകടിപ്പിക്കുന്നതാണ് ആത്മാവിലുള്ള ആരാധന. ആന്തരിക മനുഷ്യന്റെ ഉള്ളിൽ നിന്നു ബോധപൂർവ്വം പ്രകടിപ്പിക്കാൻ ശ്രമിക്കാത്ത ആരാധന, പൊള്ളയായതും, ദൈവം സ്വീകരിക്കാത്തതുമാണ്. ബാഹ്യമായ, വെറും ഭൗതിക പ്രവൃത്തികളിൽ അവൻ തല്പരനല്ല. നമസ്ക്കാരം ഹൃദയത്തിൽ നിന്നും ആത്മാവിൽ നിന്നും വരണം (എഫെസ്യർ 5:19).

**സത്യത്തിൽ**

നമസ്ക്കാരം ആത്മാവിൽ മാത്രം പോരാ, സത്യത്തിലും ആയിരിക്കണം. സത്യം യേശു മുഖാന്തരമാണ് വന്നത് (യോഹന്നാൻ 1:14, 17; 8:31, 32; 14:6; എഫെസ്യർ 4:21). സത്യം പിതാവിൽ നിന്നാണ് ആരംഭിക്കുന്നത് (യോഹന്നാൻ 17:17; നോക്കുക യോഹന്നാൻ 12:49, 50). യേശുവിൽ നിന്നു കേട്ടതായ സത്യം അപ്പൊസ്തലന്മാരെ ഓർമ്മപ്പെടുത്തിയിരുന്നതു പരിശുദ്ധാത്മാവായിരുന്നു (യോഹന്നാൻ 14:26) അവരെ അവൻ സത്യത്തിൽ വഴി നടത്തുകയും ചെയ്തു (യോഹന്നാൻ 16:13). ഇപ്പോൾ നാം ക്രിസ്തുവിൽ തികവുള്ളവർ അത്രേ (കൊലൊസ്യർ 2:10), ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും അവനിൽ ഗുപ്തമായിരിക്കുന്നു (കൊലൊസ്യർ 2:3). അക്കാരണത്താൽ, ദൈവാരാധനയിൽ മനുഷ്യരുടെ സമ്പ്രദായങ്ങൾ വ്യർത്ഥമാണ് (മത്തായി 15:7–9; മർക്കൊസ് 7:6–13; കൊലൊസ്യർ 2:8; തിത്തൊസ് 1:14).

പുതിയ നിയമാരാധന, അപ്പൊസ്തലന്മാരുടെ ഉപദേശത്തിലും, പ്രാർത്ഥനയിലും (പ്രവൃത്തികൾ 2:42), കർത്തൃമേശയിൽ യേശുവിനെ ഓർമ്മിക്കുന്നതും (1 കൊരിന്ത്യർ 11:23–26), ഹൃദയത്തിൽ കർത്താവിന്നു പാടി സ്തുതിക്കുന്നതും (എഫെസ്യർ 5:19; കൊലൊസ്യർ 3:16), ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കുന്നതും (2 കൊരിന്ത്യർ 9:7) ഉൾപ്പെടുന്നു. ദൈവത്തെ ആരാധിക്കുന്നതിൽ ആത്മാവുമായുള്ള ബന്ധത്തിൽ അല്ലെങ്കിൽ ഈ ബാഹ്യമായ കാര്യങ്ങൾ ദൈവം സ്വീകരിക്കയില്ല.

**ദശാംശം കൂടാതെ**

തന്റെ എല്ലാ വരുമാനത്തിന്റേയും പത്തിലൊന്നു നല്കുന്ന, ദശാംശ രീതിയായിരുന്നു, പഴയ നിയമത്തിലെ വരുമാനത്തിന്റെ ഭാഗം നല്കൽ. ഇതു ആളുകൾ സ്വമേധാ - ദാനമായിട്ടായിരുന്നില്ല, പിന്നെയോ കടമായി ചെയ്യേണ്ടതായിരുന്നു. ഈ ദശാംശം ലേവ്യാ ഗോത്രത്തെ സഹാ

യിക്കുന്നതിനായിരുന്നു.

> ലേവ്യർക്കോ ഞാൻ സമാഗമന കൂടാരം സംബന്ധിച്ചു അവർ ചെയ്യുന്ന വേലെക്കു യിസ്രായേലിൽ ഉള്ള ദശാംശം എല്ലാം അവകാശമായി കൊടുത്തിരിക്കുന്നു. യിസ്രായേൽ മക്കൾ യഹോ വെക്കു ഉദർച്ചാർപ്പണമായി അർപ്പിക്കുന്ന ദശാംശം ഞാൻ ലേവ്യ ർക്കു അവകാശമായി കൊടുത്തിരിക്കുന്നു; "അതുകൊണ്ടു അവർക്കു യിസ്രായേൽ മക്കളുടെ ഇടയിൽ അവകാശം അരുതു എന്നു ഞാൻ അവരോടു കല്പിച്ചിരിക്കുന്നു" (സംഖ്യാപുസ്തകം 18:21, 24).

ദേശം ഭാഗിച്ചപ്പോൾ ലേവ്യാ ഗോത്രത്തിനു അവകാശം ഇല്ലായിരുന്നു (സംഖ്യാപുസ്തകം 18:20). അതുകൊണ്ടു, അവർക്കു മറ്റു ഗോത്രങ്ങൾ നല്കുന്ന ദശാംശം അല്ലാതെ മറ്റു സഹായങ്ങൾ ഒന്നുമില്ലായിരുന്നു. ഈ ദശാംശം യിസ്രായേൽ മക്കളിൽ നിന്നും എടുത്തു ലേവ്യരെ സഹായിക്കുകയായിരുന്നു (സംഖ്യാപുസ്തകം 18:26).

ന്യായപ്രമാണം നല്കുന്നതിനുമുൻപു, അബ്രഹാം ശാലേം രാജാ വായിരുന്ന മെൽക്കീസെദെക്കിനു ദശാംശം കൊടുത്തിരുന്നു (ഉല്പ ത്തി 14:20). ദൈവം തന്നെ അനുഗ്രഹിച്ച സകലത്തിൽ നിന്നും പത്തി ലൊന്നു ദൈവത്തിനു നല്കുമെന്നു യാക്കൊബും വാഗ്ദാനം ചെയ്തി രുന്നു (ഉല്പത്തി 28:20–22). ഈ മനുഷ്യർ ദൈവത്തിനു പത്തിലൊന്നു കൊടുത്തിരുന്നുവെങ്കിലും, ന്യായപ്രമാണം ദശാംശം ആവശ്യ പ്പെട്ടിരുന്നെങ്കിലും, പുതിയ നിയമം നമ്മെ പത്തിലൊന്നു കൊടുക്കു വാനല്ല നിഷ്കർഷിക്കുന്നത്. ദൈവം നമുക്കു തന്നിരിക്കുന്ന പ്രാപ്തി ക്കൊത്തവണ്ണം നല്കുവാനാണ് ഇന്നു ദൈവം നമ്മോടു പറഞ്ഞി രിക്കുന്നത് (1 കൊരിന്ത്യർ 16:2). നാം ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ സന്തോഷത്തോടെ നല്കണം (2 കൊരിന്ത്യർ 9:7).

### ഉപസംഹാരം

ദൈവം യിസ്രായേലിന്നു കൊടുത്ത അതേ ചട്ടങ്ങൾ അല്ല പുതിയ നിയമത്തിലുള്ളത്. ദൈവം നമുക്കു ഉത്തരവാദിത്വങ്ങൾ നല്കിയിട്ടുണ്ട്, എന്നാൽ അതെത്ര കുറച്ചു ചെയ്യണമെന്നോ എത്ര കൂടുതൽ ചെയ്യണ മെന്നോ ദൈവം പറഞ്ഞിട്ടില്ല. എങ്ങനെ ഏറ്റവും നന്നായി സേവിക്കാ മെന്നു നാം തീരുമാനിക്കണം. നാം നമ്മെ പരിമിതപ്പെടുത്തിയതു കൊണ്ടാണ്, നമുക്കു കുറച്ചുമാത്രം ചെയ്യുവാൻ കഴിയുന്നത്; നാം കൂടുതൽ സേവിക്കുകയാണെങ്കിൽ, നാം ദൈവവേല വലുതായി കാണുന്നതുകൊണ്ടാണ്. നമ്മുടെ ഹൃദയം നമ്മെ പ്രേരിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ (1 കൊരിന്ത്യർ 4:5) ചെയ്യുന്ന കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ദൈവം വിധിക്കുന്നത് (റോമർ 2:6; 2 കൊരിന്ത്യർ 5:10; 1 പത്രൊസ് 1:17). ദൈവം നമ്മുടെ ഹൃദയങ്ങളെ പരിശോധിക്കുന്നു (1 തെസ്സലൊനിക്യർ 2:4) നമ്മുടെ പ്രവൃത്തികളെ വിധിക്കയും ചെയ്യുന്നു (റോമർ 2:6; 1 പത്രൊസ് 1:17).

ദൈവം നമ്മുടെ പ്രവൃത്തികൾക്കു പരിധി വെച്ചിട്ടുണ്ട്, അതിന്റെ തെളിവാണ് പ്രവൃത്തികൾ 15:29. എങ്ങനെയായാലും, നാം എത്ര ദൈവത്തിനു നല്കണം, എത്രത്തോളം പാട്ടുപാടണം, പ്രാർത്ഥിക്കണം, വചനം പഠിക്കണം, ആവശ്യമുള്ളവരെ സഹായിക്കണം, അല്ലെങ്കിൽ ഏതെങ്കിലും സേവനം ദൈവത്തിനു നടത്തുന്നതിനെ സംബന്ധിച്ചു, തീരുമാനിക്കേണ്ടതു നമ്മുടെ ഹൃദയമാണ്. ന്യായപ്രമാണത്തിൽ അനുവദിക്കാതിരുന്ന സ്വാതന്ത്ര്യം നമുക്കു പുതിയ നിയമത്തിലുണ്ട്.

© 2009 Truth for Today